**കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെൻറ് ബോർഡ് ലിമിറ്റഡ്**

**ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് - 685 501 Ph: 9446004284**

HTF/KDE/190/2014

തീയതി : 08.05.2024

## ക്വട്ടേഷൻ നോട്ടീസ്

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പമെൻറ് ബോർഡിന്റെ (കെ.എൽ.ഡി. ബോർഡ്) കീഴിൽ ഹൈ ടെക് ബുൾ മദർ ഫാം, കോലാഹലമേട് കാന്റീൻ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുന്നതിലേക്കായി കുടുംബശ്രീയിൽ അംഗത്വമുള്ള വനിതകളിൽ നിന്നും CDS ചെയർപേഴ്സന്റെ ശുപാർശ കത്തോട് കൂടിയ സീൽഡ് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി **12.06.2024** ഉച്ചയ്ക്ക് ഒരു മണി വരെ .

ക്വട്ടേഷൻ സംബന്ധമായ നിബന്ധനകൾക്കും വിവരങ്ങൾക്കും, മാനേജർ (എഫ്.ഡി.), കെ.എൽ.ഡി. ബോർഡ്, കോലാഹലമേട് ഓഫീസുമായി എല്ലാ പ്രവർത്തി ദിവസവും ബന്ധപ്പെടാവുന്നതാണ് .

KERALA LIVESTOCK DEVELOPMENT BOARD LTD.
HIGH-TECH FARM
KOLAHALAMEDU P.O.
IDUKKI - 685 501

മാനേജർ (എഫ്.ഡി.)

## കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെൻറ് ബോർഡ് ലിമിറ്റഡ്

ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് - 685 501, Ph: 9446004284

HTF/KDE/190/2014

തീയതി :08.05.2024

### ക്വട്ടേഷൻ നോട്ടീസ്

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പമെൻറ് ബോർഡിന്റെ (കെ.എൽ.ഡി. ബോർഡ്) കീഴിൽ ഹൈ-ടെക് ബുൾ മദർ ഫാം, കോലാഹലമേട് കാന്റീൻ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുന്നതിലേക്കായി കുടുംബശ്രീയിൽ അംഗത്വമുള്ള വനിതകളിൽ നിന്നും CDS ചെയർപേഴ്സന്റെ നിശ്ചിത മാതൃകയിലുള്ള ശുപാർശ കത്തോട് കൂടിയ സീൽഡ് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇതു സംബന്ധിച്ച വ്യവസ്ഥകൾ, നിബന്ധനകൾ, വിശദാംശങ്ങൾ ആദിയായവ താഴെ പറയുന്നു.

**പൊതുവ്യവസ്ഥകൾ (General Conditions )**

**I). കരാർ ജോലിയുടെ വിവരണം**

കെ.എൽ.ഡി. ബോർഡ് ഉദ്യോഗസ്ഥർ / ജീവനക്കാർ, വിദ്യാർത്ഥികൾ, മുൻകൂർ അനുവാദം വാങ്ങിയെത്തുന്ന സന്ദർശകർ, ബോർഡിലെ ഇതരജീവനക്കാർ എന്നിവർക്കായി ബോർഡിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള കെട്ടിട സൗകര്യം വിനിയോഗിച്ച് ഒരു കാന്റീൻ നടത്തുക.

**II). പ്രത്യേക നിബന്ധനകൾ.**

കാന്റീൻ നടത്തിപ്പു സംബന്ധിച്ച പ്രത്യേക നിബന്ധനകൾ അനുബന്ധം “A” യിൽ കൊടുത്തിട്ടുണ്ട്.

**III). ക്വട്ടേഷൻ നൽകാനുള്ള അർഹത**

മുകളിൽ (1) ൽ പറയുന്ന ജോലികൾ ഏറ്റെടുത്ത് നടത്തി മുൻപരിചയമുള്ളവരിൽ നിന്നാണ് ക്വട്ടേഷൻ പ്രതീക്ഷിക്കുന്നത്. കാന്റീൻ നടത്തിപ്പ് സംബന്ധിച്ച് അനുബന്ധം (1) ൽ പറയുന്ന മുൻപരിചയം നിർബന്ധമാണ്.

കെ. എൽ. ഡി ബോർഡ് ജീവനക്കാർക്കും അവരുടെ അടുത്ത ബന്ധുക്കൾക്കും ക്വട്ടേഷൻ നൽകാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. അതുപോലെ കാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെന്ന കാരണത്താൽ കരാർ റദ്ധാക്കപ്പെട്ട വ്യക്തികൾക്കും ക്വട്ടേഷൻ നൽകാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഇടുക്കി ജില്ലയിലെ സ്ഥിരതാമസക്കാർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്. അപ്രകാരമുള്ള മുൻഗണന ലഭിക്കുന്നതിനായി സ്ഥിരതാമസക്കാരാണെന്നു തെളിയിക്കുന്ന രേഖ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇടുക്കി ജില്ലയിൽ നിന്നും ക്വട്ടേഷൻ ലഭിക്കാത്ത പക്ഷം മാത്രം മറ്റു ജില്ലകളിലെ താമസക്കാരുടെ അപേക്ഷ പരിഗണിക്കുന്നതായിരിക്കും.

IV). ക്വട്ടേഷൻ നൽകേണ്ട വിധം

നിർദിഷ്ട ഫാറത്തിലാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. പ്രസ്തുത ഫാറത്തിലെ Part-B ഭാഗത്തു കാന്റീൻ നിരക്കുകളുടെ ക്വട്ടേഷനും ആകെ തുകയും രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ മുദ്രവെച്ച കവറിൽ **മാനേജർ (എഫ്.ഡി. ), കെ.എൽ.ഡി.ബോർഡ്, ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് - 685 501** എന്ന വിലാസത്തിൽ വേണം സമർപ്പിക്കുവാൻ. കവറിനു മുകളിൽ കാന്റീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ എന്നും രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ നൽകാനുള്ള ഫാറവും, ഈ ക്വട്ടേഷൻ നോട്ടീസിന്റെ പ്രതിയും താത്പര്യമുള്ളവർക്ക് ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് മാനേജർ (എഫ്.ഡി.) , ഓഫീസിൽ നിന്നും ഇ എം ഡി അടയ്ക്കുന്ന മുറയ്ക്ക് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് ഓരോ പേജിന്റെ അടിയിലും ഒപ്പിട്ട് ക്വട്ടേഷൻ നോട്ടീസിന്റെ പ്രതി ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

V). തീയതിയും സമയവും

ക്വട്ടേഷനുകൾ **2024 ജൂൺ മാസം 12-ാം** തീയ്യതി **ഉച്ചയ്ക്ക് 1** മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചകഴിഞ്ഞ് **2.30** മണിക്ക് അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്.

VI. കരാർ കാലാവധി

കാന്റീൻ നടത്തുന്നതിനുള്ള കരാർ **3 മാസം** ട്രയൽ അടിസ്ഥാനത്തിൽ നൽകുന്നതും കാന്റീൻ നടത്തിപ്പു നിരീക്ഷിക്കാൻ ചുമതലയുള്ള മോണിറ്ററിങ് കമ്മിറ്റി തൃപ്തികരം എന്ന് കണ്ടാൽ ബോർഡ് നിശ്ചയിക്കുന്ന തീയ്യതി മുതൽ രണ്ടു വർഷക്കാലത്തേയ്ക്കായിരിക്കും കാന്റീൻ നടത്തുന്നത്തിനുള്ള കരാർ പ്രാബല്യത്തിലിരിക്കുക. കരാറുകാരന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നു ബോദ്ധ്യപ്പെട്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിനും, പകരം ഏർപ്പാടുകൾ ചെയ്യുന്നതിനും ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട്, മാനേജർ (എഫ്.ഡി.) ക്ക് അധികാരമുണ്ടായിരിക്കും.

VII . നിരതദ്രവ്യം

ക്വട്ടേഷനോടൊപ്പം **2000/-** രൂപ നിരതദ്രവ്യമായി സ്പെഷ്യൽ ഓഫീസർ, കെ.എൽ.ഡി.ബോർഡിന്റെ പേരിൽ വാഗമൺ SBI ൽ മാറാവുന്ന ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടയ്ക്കാവുന്നതാണ്.

നടപടികൾ പൂർത്തിയാക്കി കരാർ ഉറപ്പിച്ചതിനു ശേഷം മാത്രമേ ക്വട്ടേഷനിൽ രണ്ടാംസ്ഥാനത്തു പരിഗണിക്കുന്നയാളുടെ നിരതദ്രവ്യം തിരിച്ചു നൽകുകയുള്ളു. കരാറിൽ ഏർപ്പെടാൻ കൂട്ടാക്കാതെ പിന്മാറുന്നവരുടെ നിരതദ്രവ്യം ബോർഡിലേക്കു മുതൽ കൂട്ടുന്നതാണ്.

VIII .എഗ്രിമെന്റും സെക്യൂരിറ്റിയും

കരാർ ഉറപ്പിച്ചുകൊണ്ട് ഉത്തരവുലഭിച്ച് ഒരാഴ്ചയ്ക്കകം കോൺട്രാക്ടർ നിശ്ചിത ഫാറത്തിൽ **(200/-** രൂപ കേരളാ മുദ്രപത്രത്തിൽ) ഒരു എഗ്രിമെന്റ് വയ്ക്കേണ്ടതും 20000 /- രൂപ സെക്യൂരിറ്റിയായി കോലാഹലമേട് ഫാം

ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. ഇതിനെ തുടർന്ന് നിർദ്ദേശിക്കുന്ന തിയതി മുതലായിരിക്കും കരാർ പ്രാബല്യത്തിൽ വരിക. (സെക്യൂരിറ്റിയായി അടയ്ക്കുന്ന തുകയ്ക്ക് പലിശ നൽക്കുന്നതല്ല) നിരതദ്രവ്യമായി അടച്ച തുക കിഴിച്ച് ബാക്കി തുക സെക്യൂരിറ്റിയായി അടച്ചാൽ മതി. ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് ഓഫീസിൽ **മാസം 6000/-** രൂപ (GSTപുറമെ ) കെട്ടിടം വാടകയായി എല്ലാ മാസവും 10-)o തീയതിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.

**IX .ബാദ്ധ്യതകൾ**

കരാർകാരിൽ നിന്നും ഏതെങ്കിലും കാരണവശാൽ ബോർഡിലേയ്ക്ക് ഈടാക്കേണ്ടതായ തുകകൾ ഉണ്ടായാൽ, ആയത് ടിയാന്റെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നോ, മറ്റു യുക്തമായ രീതിയിലോ ഈടാക്കാൻ മാനേജർ (എഫ്.ഡി.) ന് അധികാരമുണ്ടായിരിക്കും.

**X.** ഈ ക്വട്ടേഷൻ പ്രകാരമുള്ള കരാർ സ്ഥിരപ്പെടുത്തുന്നതിനുള്ള അന്തിമ തീരുമാനം സ്ഥാപനത്തിന്റെ മാനേജർ (എഫ്.ഡി.) യ്ക്ക് ആയിരിക്കും.

**XI.** ഈ കരാർ സംബന്ധിച്ച എല്ലാ തർക്കവിഷയങ്ങളിലും കെ. എൽ. ഡി ബോർഡ് മാനേജിങ്ങ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ഏതെങ്കിലും നിയമനടപടികൾ ആവശ്യമായി വന്നാൽ ആയത് ബോർഡിന്റെ ഹെഡ്ഓഫീസ് സ്ഥിതിചെയ്യുന്ന തിരുവനന്തപുരത്തെ അധികാരപ്പെട്ട കോടതിയിലായിരിക്കും കൈക്കൊള്ളുക.

**അനുബന്ധം –A**

കാന്റീൻ നടത്തിപ്പിനെ കുറിച്ചുള്ള പ്രത്യേക നിബന്ധനകൾ

1. ഭക്ഷണ പദാർത്ഥങ്ങൾ പാകപ്പെടുത്തുന്നതിന് പ്രാവീണ്യമുള്ളവരും, കാന്റീനുകൾ / ഹോട്ടൽ നടത്തി പരിചയം സിദ്ധിച്ചവരും മാത്രം ക്വട്ടേഷൻ നൽകിയാൽ മതിയാകും. ഫുഡ് സേഫ്റ്റി വിഭാഗം നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുള്ള രെജിസ്ട്രേഷൻ കോൺട്രാക്ടർ എടുക്കേണ്ടതാണ്. പരിചയം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. ഭക്ഷണ പദാർത്ഥങ്ങളുടെ ലിസ്റ്റിൽ (അനുബന്ധം B കാണുക) ചേർത്തിരിക്കുന്ന ഓരോ ഇനത്തിനും കിട്ടേണ്ട കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കണം. അംഗീകരിക്കപ്പെടുന്ന ക്വട്ടേഷനിലെ നിരക്കുകൾ, കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുന്ന (അതായത് കരാർ കാലാവധിയായ ) രണ്ടു വർഷക്കാലം നിലനിൽക്കുന്നതാണ്.
3. കാന്റീൻ നടത്തിപ്പിനാവശ്യമായ കെട്ടിട സൗകര്യം മാത്രം, ഫാമിൽ നിന്നും നല്കുന്നതാണ് . ഹൈ-ടെക് ബുൾ മദർ ഫാം, കോലാഹലമേട് ഓഫീസേഴ്സ്/സ്റ്റാഫ്സ് ഡൈനിങ്ങ് റൂമിലേക്ക് ഫർണിചർ നൽകുന്നതാണ്. ഇവ കോൺട്രാക്ടറെ ഏൽപ്പിച്ചു കഴിഞ്ഞാൽ ആയവ കോൺട്രാക്ടറുടെ പരിപൂർണ്ണ ഉത്തരവാദിത്തത്തിലായിരിക്കുന്നതും അവയ്ക്ക് നാശനഷ്ടങ്ങളുണ്ടായാൽ കോൺട്രാക്ടർ നഷ്ടപരിഹാരം നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. കോൺട്രാക്ടർ സ്വന്തമായി ഫർണീച്ചർ, മറ്റുപാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കൊണ്ട് വരേണ്ടതാണ്.

4. കാന്റീൻ കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി ചാർജ് മാസാമാസം കോൺട്രാക്ടർ വഹിക്കേണ്ടതാണ്. ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് ഓഫീസിൽ മാസം 6000/- രൂപ (GSTപുറമെ ) കെട്ടിടം വാടകയായി അടയ്ക്കേണ്ടതാണ്. GST യും മറ്റ് അനുബന്ധ നികുതികളും കരാറുകാരൻ അടക്കേണ്ടതാണ്.

5. കാന്റീൻ പരിസരവും, മേശകൾ, പാത്രങ്ങൾ തുടങ്ങിയവയും വൃത്തിയായും ശുചിയായും, സൂക്ഷിക്കേണ്ടതാണ്.

6. ഭക്ഷണ പദാർത്ഥങ്ങളുടെ അംഗീകൃത വിലനിലവാരപ്പട്ടിക കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതും നിശ്ചിത വിലയിൽ കൂടുതൽ ആരിൽ നിന്നും ഈടാക്കാൻ പാടില്ലാത്തതുമാകുന്നു.

7. ചായയ്ക്ക് നല്ലയിനം തേയില (ബി.ഒ.പി സൂപ്പർഡസ്റ്റ്), കാപ്പിപ്പൊടി, കല്ല് നീക്കം ചെയ്ത മേൽത്തരം അരി ഇവ മാത്രമേ കാന്റീനിൽ ഉപയോഗിക്കാവു. പാക്കറ്റ് ചപ്പാത്തി, പൊറോട്ട, പൂരി എന്നിവ യാതൊരു കാരണവശാലും അനുവദനീയമല്ല. കാന്റീനിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഭക്ഷണ വിതരണത്തിനായി പേപ്പർ വാഴയില , ഡിസ്പോസിബിൾ ഗ്ലാസ്സുകൾ എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല .

8. പ്രത്യേക അവസരങ്ങളിൽ അനുബന്ധം B- യിൽ പറയാത്ത ആഹാരസാധനങ്ങൾ നൽകേണ്ടി വന്നാൽ ആയതിന്റെ വില ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് അധികാരികളുമായി ആലോചിച്ച് നിശ്ചയിച്ച് ആയതിൻപടി ഈടാക്കാവുന്നതാണ്.

9. സന്ദർശനത്തിന് എത്തുന്നവർക്ക് ആഹാര സാധനങ്ങൾ കൊടുക്കുന്നത് ബോർഡ് ജീവനക്കാർ /പരിശീലനാർത്ഥികൾക്ക് യാതൊരു അസൗകര്യവും ഉണ്ടാകാത്ത വിധത്തിൽ ആയിരിക്കണം. ഹൈ - ടെക് ബുൾ മദർ ഫാം, കോലാഹലമേട് ജീവനക്കാർക്കുള്ള ഡൈനിങ്ങ് റൂമിൽ സന്ദർശകർക്ക് ഭക്ഷണം വിളമ്പാൻ പാടുള്ളതല്ല. കെ. എൽ. ഡി. ബോർഡ് ജീവനക്കാർക്ക്/പരിശീലനാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിൽ മുൻഗണന പാലിക്കേണ്ടതാണ്.

10. കെ. എൽ. ഡി. ബോർഡ് വക ഫാമിലെ പാൽ പുറം വില്പനയ്ക്ക് ബോർഡ് നിശ്ചയിക്കുന്ന വിലയ്ക്ക് ലഭ്യതയനുസരിച്ച് മാത്രം കോൺട്രാക്ടർക്ക് നൽകുന്നതാണ്. ഫാമിൽ നിന്നും വെള്ളം ലഭ്യത അനുസരിച്ച് നൽകുന്നതും അല്ലാത്തപക്ഷം സ്വന്തം നിലയിൽ വെള്ളം കോൺട്രാക്ടർ ലഭ്യമാക്കേണ്ടതുമാണ്.

11. കാന്റീനിൽ നിന്നും ആഹാരം കഴിക്കുന്നവരിൽ ബോർഡ് ജീവനക്കാർ, അവരുടെ ആശ്രിതർ എന്നിവർക്ക് പുറം വിലയുടെ **60** ശതമാനം നിരക്കിലും, ബോർഡിന്റെ ട്രെയിനികൾ, ഗസ്റ്റ് ലക്ച്ചർമാർ, ബോർഡിന്റെ അതിഥികൾ, ഓഡിറ്റേഴ്സ്, **KVASU** ജീവനക്കാർ എന്നിവർക്ക് പുറം വിലയുടെ **80** ശതമാനം നിരക്കിലും ഭക്ഷണം ലഭ്യമാക്കേണ്ടതാണ്.

12. കാന്റീൻ നടത്തിപ്പിനുള്ള കഴിവ്, ഭക്ഷ്യവസ്തുക്കളുടെ നിലവിലുള്ള മാർക്കറ്റ് വില , മറ്റു ചെലവുകൾ എന്നിവ കണക്കിലെടുത്തായിരിക്കും ക്വട്ടേഷൻ ഉറപ്പിക്കുക. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്തിൽ പ്രത്യേകം പരിഗണന പ്രതീക്ഷിക്കരുത്. ന്യായീകരിക്കാവുന്ന ഒരു നിരക്കിനോടാണ് താത്പര്യം.

13. കാന്റീൻ പ്രവർത്തനം തുടങ്ങിയശേഷം കെ.എൽ.ഡി. ബോർഡ് ഉദ്യോഗസ്ഥരടങ്ങിയ ഒരു കാന്റീൻ കമ്മിറ്റി നിശ്ചിത കാലയളവിലെ നടത്തിപ്പ് വിലയിരുത്തുന്നതും തൃപ്തികരമല്ലെന്ന് കണ്ടാൽ കരാർ റദ്ദാക്കുന്നതും തന്മൂലം ബോർഡിനുണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്നും വസൂലാക്കുന്നതുമാണ്.

14. കാന്റീൻ കമ്മിറ്റി, കാന്റീൻ പ്രവർത്തനം കൂടെക്കൂടെ വിലയിരുത്തുന്നതും അതിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ നൽകുന്ന നിർദേശങ്ങൾ കോൺട്രാക്ടർ കർശനമായി പാലിക്കേണ്ടതുമാണ്. കാന്റീൻ നടത്തിപ്പ് സംബന്ധമായ എന്തെങ്കിലും തർക്കവിഷയം ഉണ്ടായാൽ അതിൽ കാന്റീൻ കമ്മിറ്റി തീരുമാനം അന്തിമമായിരിക്കും.

15. ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള ഏത് ഭക്ഷണ പദാർത്ഥവും ഏതവസരത്തിലും പാകം ചെയ്തു തരുന്നതിന് ആവശ്യപ്പെടാനുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

16. കാന്റീൻ കോൺട്രാക്ടറുടെ കീഴിൽ ജോലി നോക്കുന്ന കാന്റീൻ ജീവനക്കാർക്ക് തിരിച്ചറിയൽ രേഖ ഉണ്ടായിരിക്കേണ്ടതാണ്. പകർപ്പ് ഓഫീസിൽ നൽകേണ്ടതാണ്. ഭക്ഷണം വിളമ്പുന്നതിനായി കുടുംബശ്രീ അംഗങ്ങളായ വനിതകളെ കുടുംബശ്രീയുടെ അംഗീകൃത മുദ്രയുള്ള യൂണിഫോമിൽ നിയോഗിക്കേണ്ടതാണ്. ജോലി ഉത്തരവ് നൽകി 1 മാസത്തിനുള്ളിൽ കാന്റീൻ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് എടുക്കേണ്ടതും ആയതിന്റെ പകർപ്പ് ടി ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

17. കാന്റീൻ തൊഴിലാളികളും ഉപഭോക്താക്കളും തമ്മിൽ ഉണ്ടാകാവുന്ന തർക്കങ്ങൾക്ക് കെ.എൽ.ഡി. ബോർഡിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല. തൊഴിലാളികളുടെ വേതനം മറ്റ് അനുകൂല്യങ്ങൾ കോൺട്രാക്ടറുടെ ഉത്തരവാദിത്തം ആയിരിക്കും .

18. രണ്ടു വർഷ കാലയളവിലേക്കാണ് കോൺട്രാക്റ്റ് നൽകുന്നതെങ്കിലും തൊട്ടടുത്ത വർഷത്തെ കാന്റീൻ ക്വട്ടേഷൻ നിലവിൽ വരുന്നതുവരെ കാന്റീൻ നടത്തിപ്പിന് ചുമതല പഴയ ക്വട്ടേഷൻ വ്യവസ്ഥകൾ പ്രകാരം നടത്തുവാൻ മാനേജർ (എഫ്.ഡി.) ക്ക് നിർദേശിക്കാവുന്നതാണ്.

19. ഈ കരാർ സംബന്ധിച്ച എല്ലാ തർക്കവിഷയങ്ങളിലും കെ എൽ ഡി ബോർഡ് മാനേജിങ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും .ഏതെങ്കിലും നിയമനടപടികൾ ആവശ്യമായി വന്നാൽ ആയത് ബോർഡിന്റെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരത്തെ അധികാരപ്പെട്ട കോടതിയിലായിരിക്കും കൈക്കൊള്ളുക

20. കാന്റീൻ പ്രവർത്തന സമയം **7 AM** മുതൽ **9 PM** വരെ ആയിരിക്കും.

KERALA LIVESTOCK DEVELOPMENT BOARD LTD. HIGH-TECH FARM KOLAHALAMEDU P.O. IDUKKI - 685 501

മാനേജർ (എഫ്.ഡി.)

ഈ ക്വട്ടേഷൻ നോട്ടീസിൽ കാണിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും ഞാൻ വായിച്ചു മനസ്സിലാക്കിയിട്ടുള്ളതാകുന്നു. ഈ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന കാന്റീൻ രണ്ടു വർഷത്തേയ്ക്ക് വേണ്ട വിഭവങ്ങളുടെ വിലകൾ പ്രകാരം നടത്തുന്നതിനും ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന നിരക്കുകൾക്ക് തൃപ്തികരമാംവണ്ണം നടത്തിത്തരുവാൻ ഞാൻ സന്നദ്ധനാണ്.

ഒപ്പ് :

പേര് :

മേൽവിലാസം :

തിയ്യതി:

അനുബന്ധം-B

| SL No | Items | Quantity to be supplied | Factor | Quoted rate |
|---|---|---|---|---|
| 1 | Tea (BOP Leaf/super fine dust) 150 ml | ¼ milk ¾ decoction | 10 | |
| 2 | Coffee (Bru) 150 ml | ¼ Milk ¾ decoction | 10 | |
| 3 | Black Coffee (Ordinary coffee powder) | 150 Ml | 5 | |
| 4 | Black tea (BOP leaf/super fine dust) 150 Ml | 150 Ml | 5 | |
| 5 | Lemon tea (150 Ml tea, ½ lime) | 150 Ml | 5 | |
| 6 | Milk with sugar 150 Ml | 150 Ml | 2 | |
| 7 | Biscuit (Good day, Britannia, Oreo etc.) | 2Nos | 1 | |
| 8 | Milk without sugar | 150 Ml | 2 | |
| 9 | Bread with Jam and Butter | 2 pieces | 1 | |
| 10 | Masala Dosa | 150 gm | 1 | |
| 11 | Ghee Roast | 75 gm | 1 | |
| 12 | Uzhunnu Vada, Parippu Vada, Ulli vada | 30 gm each | 1 | |
| 13 | Banana Fry | 50 gm each | 1 | |
| 14 | Bonda, Pathiri | 30 gm each | 1 | |

## BREAKFAST

| SL No | Items | Quantity to be supplied | Factor | Quoted rate |
|---|---|---|---|---|
| 1 | Iddli/ Vellayappam/Idiyappom or Dosai 50 gm each coconut chutney & Sambar,Tea/Coffee | 3 Nos | 2 | |
| 2 | Single Iddli/ Vellayappam or Dosai | | 2 | |
| 3 | Puttu 250gm (good quality rice 2 plaintains and sugar or Bengal gram curry 250 gm ) Tea /coffee quality as in No.1 or 2) | | 2 | |
| 4 | Uppuma (250gm) plaintains (2 Nos & sugar ) Tea/coffee as in No.1 or 2 | | 2 | |
| 5 | Bread Toast (4 slices) Butter (25 gm) Jam (25 gm) Omlet/ Bulls eye/Fried Single egg Tea/Coffee | | 1 | |

## OTHER ITEMS

| SL No | Items | Quantity to be supplied | Factor | Quoted rate |
|---|---|---|---|---|
| 1 | Curd 50 ml | 50 ml | 1 | |
| 2 | Fish curry (Motha/Kera/Vatta/Chempalli 75 gm) | 60gm fish | 2 | |
| 3 | Fish Curry ( Sardine (mathi), Mackrel (Ayala),Kozhuva,Kilimeen) 75 gm | 60 gm fish | 2 | |
| 4 | Fish fry (motha/kera/vatta/chempalli) 75 gm | 75 gm fish | 2 | |
| 5 | Fish fry (sardine (mathi), Mackrel (ayala) , kozhuva, kilimeen) 75 gm | 75 gm fish | 2 | |
| 6 | Chicken curry (one plate) 150 gm | 150 gm | 2 | |
| 7 | Beef fry/curry (150gm) | 150 gm | 2 | |
| 8 | Mutton fry/curry (150gm) | 150 gm | 1 | |
| 9 | Omlette single egg | | 2 | |
| 10 | Omlette double egg | | 2 | |
| 11 | Chicken biriyani with egg with salad and pappadam,pickles (300 gm) | chicken 100 gm | 2 | |
| 12 | Mutton biriyani with egg with salad, pappadam and pickles (300 gm) | Mutton 100 gm | 1 | |
| 13 | Fried rice with salad and pappadam 2 nos pickle | 250gm | 1 | |
| 14 | vegetable biriyani ,with salad and pappadam pickle | 250gm | 2 | |
| 15 | Kappa Biriyani | 300 gm | 1 | |
| 16 | Egg curry/ Roast single | | 2 | |
| 17 | Chicken fry | 150 gm | 2 | |
| 18 | Chilly chicken | 150 gm | 2 | |
| 19 | Chicken Roast/Masala | 150 gm | 2 | |
| 20 | Cake/Ladoo/Gilebi | 1 nos | 1 | |
| 21 | Payasam 100 ml | 100ml | 1 | |
| 22 | Fruit salad 125 ml | 125 gm | 1 | |
| 23 | Soup veg. | 150 ml | 1 | |
| 24 | Soup non veg | 150 ml | 1 | |
| 25 | Pork fry 150 gm | 150 gm | 1 | |

| | | | | |
|---|---|---|---|---|
| 26 | Veg. Cutlet | 40 gm | 1 | |
| 27 | Meat Cutlet/Chicken cutlet | 40 gm | 1 | |
| 28 | Non Veg. puffs | 40 gm | 1 | |
| 29 | Veg. Puffs | 40 gm | 1 | |
| 30 | Plaintain (Njalippovan) 2 nos | | 1 | |
| 31 | Banana (ethan) 1 no | | 1 | |
| 32 | paneer masala | 150gm | 1 | |
| 33 | Mushroom Masala | 150gm | 1 | |
| 34 | Gobi Manchurian | 150gm | 1 | |

## LUNCH

| SL No | Items | Quantity to be supplied | Factor | Quoted rate |
|---|---|---|---|---|
| 1 | Meals including the following items Raw Rice or Boiled Rice (stone less, good quality) as per requirement Sambar or Dal ,Butter milk or Pulisery orRasam, Aviyal or Theeyal or Pachady, Thoran, Achar, Pappadam 2 nos | | 10 | |
| 2 | Meals (North Indian Style ) (300gm) fine white rice (good quality stoneless ) North Indian Rotty (50gm each) 3 nos Onion salad or any North Indian Type subjee bowl full ) curd 100 ml Pappadam medium size (2 nos) ½ Lime slice | | 1 | |

## DINNER

| SL No | Items | Quantity to be supplied | Factor | Quoted rate |
|---|---|---|---|---|
| 1 | Chappathy or porotta (each 50 gm) 3 nos masala Curry or stew, slice onion . (പാക്കറ്റ് ചപ്പാത്തി / പൊറോട്ട അനുവദനീയമല്ല.) | 3 Nos | 2 | |
| 2 | Single Porotta (പാക്കറ്റ് പൊറോട്ട അനുവദനീയമല്ല.) | 1 mo of 60gm each | 2 | |
| 3 | Single Chappathy(പാക്കറ്റ് ചപ്പാത്തി അനുവദനീയമല്ല.) | 1 no of 50 gm each | 2 | |
| 4 | Warm Rice Kanji (as per requirement) Katti Chattni, Pappadam, Cherupayar thoran,pickles | 1 bowl 300 gm | 2 | |
| 5 | Poori 40 gm each 3 nos North Indian Subjee (Bowl full) Acher/sliced onion | | 2 | |
| 6 | Single Poori each ( പാക്കറ്റ് പൂരി അനുവദനീയമല്ല | 1 no of 40 gm each | 2 | |

(ശുപാർശ കത്ത് സി ഡി എസ് ചെയർപേഴ്സന്റെ ലെറ്റർ ഹെഡിൽ സീലോടുകൂടി സമർപ്പിക്കേണ്ടതാണ്)

## മാതൃക

..............................പഞ്ചായത്ത് ................വാർഡിൽ പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സംരംഭമായ വനിതാ കാന്റീൻ/ഹോട്ടൽ.........................................സി ഡി എസ് ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നതുമാണ് . ടി വനിതാ കാന്റീൻ...................... (തീയതി) കാലയളവ് മുതൽ. ......... (തീയതി)വരെ.................. ജില്ലയിൽ........................... പഞ്ചായത്തിലെ........................ വാർഡിൽ തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. ആയതിനാൽ കുടുംബശ്രീ സംരംഭമായ ........................................വനിതാ കാന്റീൻ നടത്തിപ്പുകാർക്ക് കെ എൽ ഡി ബോർഡ് ., കോലാഹലമേട് യൂണിറ്റിലെ HTF/KDE/190/2014 നം. പ്രകാരമുള്ള തീയതി : 08.05.2024 , കാന്റീൻ നടത്തിപ്പിനുള്ള ക്വട്ടേഷനിൽ പങ്കെടുക്കുവാൻ പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു .